(ഇ) അന്വേഷണം ഊർജ്ജിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ലഭിച്ചിരുന്നു. ബിപിൻ ബോസിന്റെ പിതാവ് ശ്രീ. കെ. ആർ. ഗോപി ഇതു സംബന്ധിച്ച് ഫിഷറീസ് - ഗ്രാമവികസന സാംസ്കാരിക മന്ത്രി മുഖേനയും ശ്രീ. മോൻസ് ജോസഫ് എം.എൽ.എ. മുഖേനയും മുഖ്യമന്ത്രിക്ക് നേരിട്ടും പരാതികൾ സമർപ്പിച്ചിരുന്നു.

(ബി) രാസപരിശോധനാഫലത്തിൽ നിന്നും പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ നിന്നും ബിപിൻ ബോസ് വെള്ളത്തിൽ മുങ്ങിമരിച്ചതാണെന്ന് അനുമാനിക്കുന്നുവെന്നും എന്നാൽ ബിപിൻ ബോസിന്റെ മരണത്തിൽ വന്നിരിക്കുന്നതായി പറയുന്ന ദുരൂഹതയും ടിയാൻ സംഭവ സ്ഥലത്ത് വരാനുണ്ടായ സാഹചര്യത്തെക്കുറിച്ചും പോലീസ് അന്വേഷണം നടത്തുകയാണ്.

(സി)-(ഇ) ബിപിൻ ബോസിന്റെ മരണം സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ് അന്വേഷണത്തിനായി ക്രൈം ബ്രാഞ്ച് വിഭാഗത്തിന് കൈമാറുകയും കോട്ടയം ക്രൈം ബ്രാഞ്ച് എസ്.പി.യുടെ മേൽനോട്ടത്തിൽ അന്വേഷണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ നടന്ന കൊലപാതകങ്ങൾ

62 (1537) ശ്രീ. കെ. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കണ്ണൂർ ജില്ലയിൽ എത്ര കൊലപാതകങ്ങൾ നടന്നു;

(ബി) ഇവയിൽ രാഷ്ട്രീയ കൊലപാതകങ്ങൾ എത്ര;

(സി) ഇവയിൽ ഓരോ രാഷ്ട്രീയ കക്ഷിയിൽ നിന്നും കൊല്ലപ്പെട്ടവർ എത്ര;

(ഡി) ഈ കേസ്സുകളിൽ പ്രതിസ്ഥാനത്തുള്ളവരിൽ ഓരോ രാഷ്ട്രീയ കക്ഷിയിലും പെട്ടവർ എത്ര വീതമുണ്ട്;

(ഇ) ഓരോ രാഷ്ട്രീയ കക്ഷികളിലുംപെട്ട പ്രതികളിൽ എത്രപേരെ അറസ്റ്റു ചെയ്തു എന്നും ഇനി എത്രപേരെ അറസ്റ്റു ചെയ്യാനുണ്ടെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 122

(ബി) 22

(സി) സി.പി.എം. - 11
ബി.ജെ.പി. - 9
കോൺഗ്രസ് - 2

(ഡി) സി.പി.എം. - 84
ബി.ജെ.പി. - 97

(ഇ) സി.പി.എം. ൽപ്പെട്ട 84 പ്രതികളിൽ 51 പേരെ അറസ്റ്റു ചെയ്തു. 11 പ്രതികൾ കോടതി മുമ്പാകെ കീഴടങ്ങി. ബാക്കി 22 പ്രതികളെ അറസ്റ്റു

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യാനുണ്ട്. ബി.ജെ.പി.യിൽപ്പെട്ട 97 പ്രതികളിൽ 38 പ്രതികളെ അറസ്റ്റു ചെയ്തു. 8 പ്രതികൾ കോടതി മുമ്പാകെ കീഴടങ്ങി. ബാക്കി 51 പ്രതികളെ അറസ്റ്റു ചെയ്യുവാനുണ്ട്.

ഡ്രൈവർമാരെ വധിച്ച് വണ്ടി തട്ടിക്കൊണ്ടുപോയ സംഭവങ്ങൾ

63 (1538) ശ്രീ. വി. ബാലറാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വാടകയ്ക്ക് കൊടുക്കുന്ന ടാക്സികളിലെ ഡ്രൈവർമാരെ വധിച്ച് വണ്ടിതട്ടിക്കൊണ്ടുപോയിട്ടുള്ള എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) ഇതിൽ വണ്ടി തിരിച്ചുകിട്ടിയ എത്ര കേസ്സുകളുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 7 സംഭവങ്ങൾ.

(ബി) നാലു കേസ്സുകളിലെ വണ്ടികൾ തിരിച്ച് കിട്ടിയിട്ടുണ്ട്.

ലോക്കപ്പ് മരണങ്ങൾ

64 (1539) ശ്രീ. ജോർജ് ജെ. മാത്യു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഉണ്ടായിട്ടുള്ള ലോക്കപ്പ് മരണങ്ങളുടെയും കസ്റ്റഡി മരണങ്ങളുടെയും ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) ഇവരിൽ സ്ത്രീകൾ ഉൾപ്പെടുന്നുണ്ടോ; എങ്കിൽ എത്ര?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലോക്കപ്പ് മരണങ്ങൾ ഉണ്ടായിട്ടില്ല. 16 കസ്റ്റഡി മരണങ്ങൾ ഉണ്ടായിട്ടുണ്ട്.

തിരുവനന്തപുരം	-	3
കൊല്ലം	-	2
പത്തനംതിട്ട	-	1
ആലപ്പുഴ	-	1
ഇടുക്കി	-	1
എറണാകുളം	-	3
തൃശ്ശൂർ	-	2
കോഴിക്കോട്	-	2
കണ്ണൂർ	-	1
ആകെ	-	16

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly